**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1588** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പോക്കുവരവ്-രജിസ്ട്രേഷൻ ഡാറ്റ ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട നെൻമണിക്കര വില്ലേജിൽ ഓൺലൈൻ പോക്കുവരവ്-രജിസ്ട്രേഷൻ ഡാറ്റ ലഭ്യമാക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | 22.01.2020 തീയതിയിലെ 191-ാം നമ്പറായി ഗസറ്റ് വിജ്ഞാപനം ചെയ്ത 23.12.2019 തീയതിയിലെ സ.ഉ (എം.എസ്) നം. 383/2019/റവ ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ നെൻമണിക്കര വില്ലേജിലേക്ക് തൃക്കൂർ വില്ലേജിൽ നിന്നും ചില ഭാഗങ്ങൾ കൂട്ടിച്ചേർക്കുകയുണ്ടായി. അപ്രകാരം കൂട്ടിച്ചേർക്കലിനനുസൃതമായി ReLIS പോർട്ടലിൽ കൂട്ടിച്ചേർക്കപ്പെട്ട ഭൂമിയുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ ഡാറ്റ, രജിസ്ട്രേഷൻ വകുപ്പിന്റെ പേൾ (PEARL) സോഫ്റ്റ് വെയറിൽ നിന്നും റവന്യൂ വകുപ്പിന്റെ ReLIS ആപ്ലിക്കേഷനിലേക്ക് ഓൺലൈൻ പോക്കുവരവിനായി കൈമാറുന്നതിൽ നിലവിൽ നേരിടുന്ന സാങ്കേതിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. റവന്യൂ വകുപ്പും രജിസ്ട്രേഷൻ വകുപ്പും സംയുക്തമായി ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ടി സാങ്കേതിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതും ആയത് അന്തിമ ഘട്ടത്തിലുമാണ്. |
| (ബി) | ഓൺലൈൻ പോക്കുവരവ്-രജിസ്ട്രേഷൻ ഡാറ്റ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | 'എ പിരിവിനുള്ള മറുപടി' |

സെക്ഷൻ ഓഫീസർ